**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5128** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പട്ടയം ലഭിച്ച 4537.50 ഏക്കർ സ്ഥലമുണ്ട്. കാസർഗോഡ് എസ്റ്റേറ്റ് - 4228.62 ഏക്കർ, ചീമേനി എസ്റ്റേറ്റ് -308.88 ഏക്കർ 1980 കാലഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേന് കാസർഗോഡ് എസ്റ്റേറ്റിൽ 1192 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 2001 ൽ മുമ്പ് നല്കിയ 1192 ഹെക്ടർ സ്ഥലത്തിന്റെ പട്ടയം കൂടാതെ 519.2603 ഹെക്ടർ സ്ഥലത്തിനുകൂടി പട്ടയം ലഭിച്ചിട്ടുള്ളതാണ്. ചീമേനി എസ്റ്റേറ്റിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ പക്കൽ ഉള്ള 125 ഹെക്ടർ ഭൂമി (310 ഏക്കർ) സ്വന്തം ഭൂമിയാണ്. |
| (ബി) | ഇതിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ സ്ഥലവും കൃഷി /കൃഷി അനുബന്ധ /മറ്റുള്ള വാണിജ്യ പ്രവർത്തികൾക്കായി ഉപയോഗിക്കുന്നു. |
| (സി) | കൃഷി ചെയ്യാതെ തരിശായിക്കിടക്കുന്ന എത്ര ഏക്കർ ഭൂമിയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൃഷി ചെയ്യാതെ തരിശു ഭൂമിയായി കിടക്കുന്ന ഭൂമിയില്ല. |

സെക്ഷൻ ഓഫീസർ